**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 881** **02-02-2026 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി നൽകുന്ന വിദ്യാഭ്യാസ ഗ്രാന്റ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലേയും പിന്നാക്ക വിഭാഗങ്ങളിലേയും വിദ്യാർത്ഥികൾക്കായി നൽകുന്ന വിദ്യാഭ്യാസ ഗ്രാന്റ് തുകയിൽ നിലവിൽ എത്ര കുടിശ്ശികയുണ്ടെന്നും ഈ തുക എപ്പോൾ നൽകാൻ കഴിയുമെന്നും അറിയിക്കാമോ? | (എ) | പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ നിലവിൽ കുടിശ്ശികയില്ല. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം നാളിതു വരെ 381.82 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 29.01.2026 വരെ അപ്രൂവൽ ലഭിച്ച എല്ലാ ക്ലെയിമുകളും പെയ്മെന്റ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. 2025-26 അധ്യയന വർഷത്തെ ക്ലയിമുകൾക്കുള്ള തുക വിതരണം ചെയ്തു വരുന്നു.<br><br>പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 6,46,30,257/-രൂപയുടെ ക്ലെയിമുകൾകൂടി നിലവിൽ അനുവദിക്കാനുണ്ട്. കൂടാതെ പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 1,23,02,000/- രൂപയുടെ ക്ലെയിമുകൾക്ക് തുക അനുവദിക്കാനുണ്ട്. ആയത് അനുവദിക്കുന്നതിനുളള ഫണ്ട് ലഭിച്ചിട്ടുണ്ട്.<br><br>പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ നിലവിൽ കുടിശ്ശികയില്ല. പോസ്റ്റ്-മെട്രിക് വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ഒ.ഇ.സി, ഒ.ബി.സി (എച്ച്), എസ്.ഇ.ബി.സി വിദ്യാഭ്യാസാനുകൂല്യ പദ്ധതിയ്ക്ക് 2024-25വർഷം വരെ ആകെ 33 കോടി രൂപ മാത്രമാണ് കുടിശ്ശികയുള്ളത്. ടി തുകയും നടപ്പ് വർഷത്തെ വിദ്യാഭ്യാസാനുകൂല്യവും വിതരണം ചെയ്യുന്നതിനായുള്ള 250 കോടി രൂപയുടെ SDG സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ